## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1608 — 13.6.2014-ൽ മറുപടിക്ക്

### തെരുവുകച്ചവടക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ.ബഷീർ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
| എ) | തെരുവ് കച്ചവടക്കാരെ സംബന്ധിച്ച സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ; | ബി) & സി) | വഴിയോരകച്ചവടക്കാരെ സംബന്ധിച്ച് 2009ൽ ഭാരത സർക്കാർ രൂപം നൽകിയ ദേശീയനയത്തിനും മാതൃകാബില്ലിനും അനുസൃതമായി ഒരു സംസ്ഥാന നയം രൂപപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിലുള്ള തെരുവ്കച്ചവട സമിതി രൂപീകരണം, തെരുവുകച്ചവടക്കാരുടെ രജിസ്ട്രേഷൻ, തുടങ്ങിയ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് സുപ്രീംകോടതിയുടെ നിർദ്ദേശങ്ങളെല്ലാം സംസ്ഥാന സർക്കാർ പാലിക്കുന്നതാണ്. |
| സി) | തെരുവ് കച്ചവടക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളത്? | | |

സെക്ഷൻ ഓഫീസർ